DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

15.05.2019

## കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കൃഷിവകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരത്തെ കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ നടത്തുന്ന ആറ് മാസം ദൈർഘ്യമുള്ള ടിഷ്യൂകൾച്ചർ ടെക്നീഷ്യൻ ട്രെയിനിംഗ് കോഴ്സ് അഗ്രികൾച്ചർ / ബയോളജി / ബയോടെക്നോളജി വിഷയങ്ങളോടെ പ്ലസ്ടു /വി.എച്ച.എസ്.സി. പാസായിട്ടുള്ള 01.04.2019 ൽ 35 വയസ്സിൽ താഴെ പ്രായമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ ഈ കോഴ്സിനും ബാധകമാണ്. തൊഴിൽ സാധ്യതയുള്ള/സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ടിഷ്യൂകൾച്ചർ, നെഴ്സറി മാനേജ്മെന്റ്, അലങ്കാര പുഷ്പകൃഷി എന്നിവയുടെ സാങ്കേതിക വിദ്യകളിലുള്ള പ്രായോഗിക പരിശീലനം ഈ കോഴ്സിൽ നൽകുന്നു. ഒരു ബാച്ചിൽ 10 പേർക്കു മാത്രം പ്രവേശനം നൽകുന്ന കോഴ്സിന് ഫീസ് 4,500 രൂപ ആണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1,500 രൂപ സ്റ്റൈപ്പൻഡോടുകൂടി 3 മാസത്തേക്ക് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗും നൽകുന്നതാണ്. അപേക്ഷാഫോമും പ്രോസ്പെക്ടസും ഈ മാസം 20 -ാം

തീയതി മുതൽ 30 -ാം തീയതി വരെയുള്ള തീയതികളിൽ 10 മണി മുതൽ 4 മണി വരെ നേരിട്ട് ലഭിക്കുന്നതാണ്. കൂടാതെ www.karshikakeralam.gov.in or www.keralaagriculture.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 03.06.2019. തിരഞ്ഞെടുത്ത അപേക്ഷകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി 07.06.2019. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം ഫോൺ നമ്പർ 0471 – 2413739, ഇ - മെയിൽ bmfctvm@yahoo.co.in എന്നീ വിലാസത്തിൽ ബന്ധപ്പെടുക.

## ടെറേറിയം പരിശീലന പരിപാടി

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ഹൈടെക് റിസർച്ച് ആൻഡ് ട്രെയിനിങ് യൂണിറ്റിൽ വച്ച് ഈ മാസം 16 ന് ടെറേറിയം നിർമ്മാണത്തെക്കുറിച്ച് ഒരു പരിശീലന പരിപാടി നടത്തുന്നു. പൂന്തോട്ട നിർമ്മാണത്തിന് സ്ഥലസൗകര്യം ഇല്ലാത്തവർക്ക് അവലംബിക്കാൻ കഴിയുന്ന ചില്ലുകൂട്ടിലെ ചെറിയ ഉദ്യാനങ്ങളാണ് ടെറേറിയങ്ങൾ. ചുരുങ്ങിയ സമയത്തിനുള്ളിൽ വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ ചെയ്യാൻ കഴിയുന്ന ആദായകരമായ ബിസിനസാണ് ടെറേറിയം. താൽപര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8078056558, 7902386284.

## ഉദ്ഘാടനം

ശാന്തിഗ്രാമം, നബാർഡ്, ജെ.പി.സി എന്നിവയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം പ്രസ്സ് ക്ലബിൽ വച്ച് ഇന്ന് രാവിലെ 9.30 ന് ചക്കവണ്ടി ഉദ്ഘാടനം നടക്കുന്നതാണ്. ഇതോടനുബന്ധിച്ച് ജീവിതശൈലി രോഗങ്ങൾക്ക് ചക്ക ഔഷധമോ, ഭക്ഷണമോ എന്ന വിഷയത്തിൽ സെമിനാർ ഉണ്ടായിരിക്കുന്നതാണ്. സെമിനാർ പ്രവേശനം മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്കു മാത്രം.

## പരിശീലനം

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം വിവിധ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. മെയ് മാസം 16 മുതൽ 18 വരെ പശുവളർത്തലിലും, 20,21 തീയതികളിൽ ആടുവളർത്തലിലും പരിശീലനം നൽകുന്നു. അധിക വിവരങ്ങൾക്ക് 0471-2732918 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളജിലെ സസ്യരോഗ വിഭാഗത്തിൽ ചിപ്പിക്കൂൺ, പാൽക്കൂൺ എന്നിവയുടെ മദർസ്പോൺ, ബെഡ്സ്പോൺ എന്നിവ വിൽപനയ്ക്കുണ്ട്. ജൈവനിയന്ത്രണോപാധികളായ ട്രൈക്കോഡർമ,

സ്യൂഡോമോണസ് എന്നിവയും ലഭ്യമാണ്. അധിക വിവരങ്ങൾക്ക് **0487 - 2438354**